**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

19.06.2013-ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2580.

## പാതിരാമണൽ ടൂറിസം പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പാതിരാമണൽ ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പാതിരാമണൽ വികസനത്തിന് ഈ സർക്കാരിന്റെ കാലത്ത് ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) പാതിരാമണൽ ടൂറിസം പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തും തുടർന്ന് ഇപ്പോഴത്തെ സർക്കാരിന്റെ കാലത്തും നടത്തിയെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ നിമിത്തം പദ്ധതി നിർവ്വഹണം തുടരുന്നതിന് സാധിച്ചിട്ടില്ല. ഈ അവസ്ഥയിൽ പദ്ധതി നിർവ്വഹണം സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിയാഞ്ഞത് കാരണം കേന്ദ്രസർക്കാരിന്റെ നിർദ്ദേശ പ്രകാരം പദ്ധതി ഭാഗികമായി നിർത്തിവെയ്ക്കുകയും അനുവദിച്ച കേന്ദ്രവിഹിതത്തിൽ ചിലവാകാത്ത തുക കേന്ദ്രത്തിലേക്ക് തിരികെ അടയ്ക്കുകയുമുണ്ടായി. |
| (ബി) പ്രസ്തുത പ്രദേശം നിയമ വിരുദ്ധരും സാമൂഹ്യവിരുദ്ധരും കൈയേറി അവരുടെ താവളമാക്കുന്നു എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാതിരാമണൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ പദ്ധതി നിർവ്വഹണത്തിൽ ഉയർന്നിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും മറ്റ് അനുബന്ധ വിഷയങ്ങളും പരിഹരിച്ചു കഴിഞ്ഞാൽ മാത്രമേ പാതിരാമണൽ പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ